# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1197 — 12.06.2014 ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;<br><br>(ബി) ഏതെല്ലാം ഏജൻസികളെയാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) ഇതുസരിച്ചുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (എ) (ബി) (സി) & (ഡി) സപ്ലൈകോയുടെ സംസ്ഥാനത്തെ എല്ലാ വിൽപ്പനകേന്ദ്രങ്ങൾ വഴിയും 13 ഇനം അവശ്യ ഭക്ഷ്യ വർഗങ്ങൾ സബ്സിഡി അനുവദിച്ച് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നുണ്ട്. 60 ലക്ഷം കുടുംബങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാകുന്ന അവശ്യ സാധനങ്ങളെ ആശ്രയിക്കുന്നവരാണെന്നാണ് കാണുന്നത്. ഇത് തുടരുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുവിതരണ സമ്പ്രദായത്തിന്റെ ആദ്യന്ത കമ്പ്യൂട്ടർ വൽക്കരണം നടപ്പിലാക്കുന്നതോടെ താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>• ആധാർ അധിഷ്ഠിതമോ സ്മാർട്ട് കാർഡ് തുടങ്ങിയ ബദൽ മാർഗങ്ങളിലൂടെയോ യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുക.<br><br>• ഇ - പി.ഡി.എസ്. നടപ്പാക്കുന്നതോടെ റേഷൻ സാധനങ്ങളുടെ തിരിമറി (Diversion), ഒഴിവാക്കുക.<br><br>• യഥാർത്ഥ ഗുണഭോക്താവിലേക്ക് തന്നെ സബ്സിഡി ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.<br><br>• പൊതുവിതരണ സമ്പ്രദായം ശരിയായും കാര്യക്ഷമമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും പുതിയ നയ രൂപീകരണത്തിന് ആവശ്യമായ വിവരങ്ങൾ സർക്കാരിന് നൽകുകയും ചെയ്യുക.<br><br>• ഇതോടൊപ്പം കമ്പ്യൂട്ടർവൽക്കരണത്തിലെ വിവരങ്ങളുപയോഗിച്ച് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് പൊതുവിപണിയിൽ ശക്തമായും ആസൂത്രിതമായും ഇടപെടുന്നതിനും വില പിടിച്ചു നിർത്തുന്നതിനും സബ്സിഡികൾ അർഹരായ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തുന്നതിനും സാധിക്കും. |

Beena

സെക്ഷൻ ഓഫീസർ